टी जी– എഫ്എംഎംഇ പരമ്പര

(പ്രത്യേക വിഭാഗത്തിനുള്ള സാമ്പത്തിക ബോധവത്ക്കരണ സന്ദേശം)




# മുതിർന്ന പൗരന്മാർക്കുള്ള




# സാമ്പത്തിക സാക്ഷരത

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, ആർബിഐ

### സന്ദേശം 1

പൊൻസി സ്കീമുകളേയും കുംഭകോണങ്ങളേയും സൂക്ഷിക്കുക

### സന്ദേശം 2

ബാങ്കുകളിലും ബാങ്കിംഗ് ഓംബുഡ്സ്മാനിലും എങ്ങനെ പരാതി സമർപ്പിക്കാം എന്ന് അറിയുക.

### സന്ദേശം 3

ആസ്തി ആസൂത്രണ ഉപാധികൾ

### സന്ദേശം 4

നിങ്ങൾ പെൻഷൻ വാങ്ങുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്ക് ചിരിക്കാൻ നല്ല കാരണങ്ങളുണ്ട്.

### സന്ദേശം 5

വിരമിക്കലിന് ശേഷമുള്ള ജീവിതത്തിന് ഇണങ്ങിയ നിക്ഷേപ ഉൽപ്പന്നങ്ങൾ



## സന്ദേശം 1: തട്ടിപ്പു പദ്ധതികളേയും കുംഭകോണങ്ങളേയും സൂക്ഷിക്കുക



### തട്ടിപ്പു പദ്ധതികളുടേയും കുംഭകോണങ്ങളുടേയും സൂചന




നിക്ഷേപങ്ങൾക്ക് ബാങ്കുകൾ നൽകുന്നതിനേക്കാൾ വളരെ ഉയർന്ന പ്രതിഫലം വാഗ്ദാനം ചെയ്യൽ.



സുഹൃത്തുക്കളെ, കുടുംബാംഗങ്ങളെ ചേർക്കുകയും/ വിതരണക്കാരെ നിയമിക്കുകയും ചെയ്യുന്നതിന് പ്രത്യേക പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്യുന്ന സ്കീമുകൾ.




അറിയപ്പെടാത്ത സ്ഥാപനങ്ങളിൽ നിന്നും വെബ്സൈറ്റുകളിൽ നിന്നുമുള്ള സൗജന്യ സേവന വാഗ്ദാനങ്ങൾ



ആർ ബി ഐ, ഐആർഡിഎഐ, സെബി, എൻഎച്ച്ബി എന്നിവയുടെ അംഗീകാരം ഇല്ലാത്ത സ്ഥാപനം അല്ലെങ്കിൽ വിൽപ്പനയ്ക്ക് വരുന്ന വ്യക്തി.



നിങ്ങൾക്ക് 90,000 രൂപ നികുതി മടക്കിക്കിട്ടിയിട്ടുണ്ട് (ടാക്സ് റീഫണ്ട്) എന്ന് അറിയിച്ചുകൊണ്ടുള്ള സന്ദേശം

നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചോദിച്ചുകൊണ്ടുള്ള അജ്ഞാത വ്യക്തികളുടെ, നിയന്ത്രകരുടെ, അല്ലെങ്കിൽ സർക്കാർ സ്ഥാപനങ്ങളുടെ ഇമെയിലുകൾ/ എസ് എം എസ്.



നിങ്ങളുടെ കാർഡ് തടയപ്പെട്ടിരിക്കുന്നു, തടസ്സം മാറ്റുന്നതിന് നിങ്ങളുടെ പഴയ പിൻ നമ്പർ പറയാമോ?

സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്ന അല്ലെങ്കിൽ കോടതി വ്യവഹാരം, പിഴ മുതലായവയെക്കുറിച്ച് പറഞ്ഞ് ഭയപ്പെടുത്തുന്ന ടെലഫോൺ കോളുകൾ.




സങ്കീർണ്ണവും പുതിയ നിക്ഷേപ സാധ്യതകളോട് കൂടിയവയുമായ ആകർഷക വിപണന സാമഗ്രികൾ, വിൽപ്പനയ്ക്ക് (സെയിൽസ്) വന്നിരിക്കുന്ന വ്യക്തി നിത്യവും നിങ്ങളുമായി ബന്ധപ്പെട്ട് ആദ്യംതന്നെയുള്ള രജിസ്ട്രേഷന് പ്രത്യേക ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യൽ, അല്ലെങ്കിൽ ഈ സ്കീം പരിമിതമായ കാലത്തേക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ എന്ന് പറയൽ.

## വിവരം അറിയിക്കുകയും നിയന്ത്രകരെ സഹായിക്കുകയും ചെയ്യുക

തട്ടിപ്പുകൾ/കുംഭകോണങ്ങൾ അറിയിക്കുക

തട്ടിപ്പു പദ്ധതികളെക്കുറിച്ച് വിവരം അറിയിക്കുക

**ആർബിഐ, ഐആർഡിഎഐ, സെബി, എൻഎച്ച്ബി എന്നിവയിൽ നിന്ന് നിയന്ത്രിത സ്ഥാപനങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുക.**

നിങ്ങളുടെ പരാതികൾ സമർപ്പിക്കുക, അവയെക്കുറിച്ച് തുടരന്വേഷണം നടത്തുക

നിങ്ങളുടെ പരാതികൾ സമർപ്പിക്കുക, അവയെക്കുറിച്ച് തുടരന്വേഷണം നടത്തുക.

सचेत
An SLCC initiative

**www.sachet.rbi.org.in**

വിവിധ നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കുക.

അനിയന്ത്രിത സ്കീമുകളെക്കുറിച്ച് കൂടുതൽ വായിക്കുക

നിങ്ങളുടെ നിയന്ത്രകനെ സഹായിക്കുക

## സന്ദേശം 2: ബാങ്കുകളിലും ബാങ്കിംഗ് ഓംബുഡ്സ്മാനിലും എങ്ങനെ പരാതി സമർപ്പിക്കാം എന്ന് അറിയുക.

### പരാതി പരിഹാരം

**ഘട്ടം 1**

നിങ്ങളുടെ പരാതികൾ ഇമെയിൽ വഴിയോ ഉപഭോക്തൃ സേവന വിഭാഗത്തിന്റെ ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ ബാങ്കിൽ സമർപ്പിക്കുക.

പ്രതികരണം ലഭിക്കുന്നതിനായി 30 ദിവസം കാത്തിരിക്കുക

**ഘട്ടം 2**

ബാങ്ക് പ്രതികരിക്കാതിരിക്കുകയോ, പ്രതികരണം തൃപ്തികരമല്ലാതിരിക്കുകയോ ചെയ്താൽ, ബാങ്കിംഗ് ഓംബുഡ്സ്മാനെ സമീപിക്കുക. എല്ലാ ബാങ്കിംഗ് ഓംബുഡ്സ്മാനെയും ബന്ധപ്പെടാനുള്ള വിവരങ്ങളും അവരുടെ അധികാര പരിധിയും അറിയുന്നതിന് https://bankingombudsman.rbi.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ബാങ്കിംഗ് ഓംബുഡ്സ്മാനുള്ള പരാതികൾ ഓൺലൈനിലോ, ഇമെയിൽ വഴിയോ, തപാലിലോ സമർപ്പിക്കാവുന്നതാണ്.

ഓംബുഡ്സ്മാൻ ബാങ്കും ഇടപാടുകാരനും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിക്കും. അന്യോന്യം അംഗീകരിക്കുന്ന ഒരു തീർപ്പ് സാധ്യമല്ലായെങ്കിൽ പിന്നെ, മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള വസ്തുതകളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ ഒരു തീരുമാനം അല്ലെങ്കിൽ നഷ്ടപരിഹാരം നൽകാനുള്ള ഒരു ന്യായവിധി പുറപ്പെടുവിക്കും.

**ഘട്ടം 3**


ചില പ്രത്യേക സാഹചര്യങ്ങളിൽ ഓംബുഡ്സ്മാൻ ഉണ്ടാക്കിയ പരിഹാരത്തിൽ ഇടപാടുകാരൻ സന്തുഷ്ടനല്ലെങ്കിൽ 30 ദിവസത്തിനകം അപ്പീൽ കേൾക്കാൻ അധികാരമുള്ള അതോറിറ്റിക്ക് (അപ്പലേറ്റ് അതോറിറ്റി) മുമ്പാകെ ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഭാരതീയ റിസർവ് ബാങ്കിന്റെ (ആർബിഐ) ഡെപ്യൂട്ടി ഗവർണറാണ് അപ്പലേറ്റ് അതോറിറ്റി.


## സന്ദേശം 3: ആസ്തി ആസൂത്രണ ഉപകരണങ്ങൾ

മുതിർന്ന പൗരന്മാർക്ക് അവരുടെ ആസ്തികൾ ആസൂത്രണം ചെയ്യുന്നതിനായി നിരവധി മാർഗ്ഗങ്ങൾ ലഭ്യമാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതിനെ 'നോമിനേഷൻ' (അവകാശപ്പെടുത്തൽ) എന്ന് വിളിക്കുന്നു. എന്നാൽ, ഒരു വിൽപ്പത്രത്തിന് നോമിനേഷനെ അസാധുവാക്കാൻ കഴിയും.

| | | |
|---|---|---|
| എല്ലാ സാമ്പത്തികോൽപ്പന്നങ്ങൾക്കും, അതുപോലെ തന്നെ സുരക്ഷിതമായ സൂക്ഷിപ്പ് സംവിധാനങ്ങൾക്കും സുരക്ഷിത നിക്ഷേപ നിലവറകൾക്കും (ലോക്കറുകൾക്കും) ലഭ്യമാണ്. | നഷ്ടപരിഹാരം വേഗത്തിൽ തീർപ്പാക്കുന്നതിന് സഹായിക്കുകയും കുടുംബാംഗങ്ങളുടെ ക്ലേശം കുറയ്ക്കുകയും ചെയ്യും. | നോമിനേഷൻ (അവകാശപ്പെടുത്തൽ) രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കുക. അവശ്യമുള്ളപ്പോളൊക്കെ നോമിനേഷൻ പുതുക്കുകയും ചെയ്യുക. |

## മറ്റ് ആസ്തി ആസൂത്രണ ഉപകരണങ്ങൾ



## സന്ദേശം 4: നിങ്ങൾ പെൻഷൻ വാങ്ങുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്ക് പുഞ്ചിരിയ്ക്കാൻ നല്ല കാരണങ്ങളുണ്ട്

പെൻഷന് വേണ്ടി പ്രത്യേക അക്കൗണ്ട് തുറക്കേണ്ട ആവശ്യമില്ല.




പെൻഷൻ അക്കൗണ്ട് മറ്റൊരു ശാഖയിലേക്കോ വേറൊരു ബാങ്കി ലേക്കോ മാറ്റാവുന്ന താണ്.

നിലവിലുള്ള അക്കൗണ്ട് പെൻഷൻ വാങ്ങുന്നതിനായി ഉപയോഗിക്കാ വുന്നതാണ്.

എല്ലാ വർഷവും നവംബർ മാസത്തിൽ നിങ്ങളുടെ 'ലൈഫ് സർട്ടിഫിക്കറ്റ്' നിങ്ങളുടെ ബാങ്ക് ശാഖ യിൽ സമർപ്പിക്കാനും ബന്ധപ്പെട്ട ബാങ്കിൽ നിന്നും അത് കൈപ്പറ്റിയതിന് യഥാവിധി ഒപ്പിട്ട രസീതി വാങ്ങാനും ഓർക്കുക. അഥവാ പെൻഷൻ വാങ്ങുന്ന ഒരു വ്യക്തിക്ക് ഗുരുതരമായ രോഗം/ശേഷിയില്ലായ്മ മൂലം ഒരു ലൈഫ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാൻ കഴിവില്ലായെങ്കിൽ, ലൈഫ് സർട്ടിഫിക്കറ്റിനായി ഒരു ബാങ്ക് ഉദ്യോഗസ്ഥൻ അയാളുടെ/അവരുടെ വീട്/ആശുപത്രി സന്ദർശിക്കുന്നതാണ്.

' ജീവൻ പ്രമാൺ' – ആധാറും മൊബൈൽഫോണും ഉപയോഗപ്പെടുത്തിയുള്ള ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്. ഇതിനായി www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ജോയിന്റ് അക്കൗണ്ടുകളേയും നിക്ഷേപങ്ങളുടെ കാലാവധിയെത്തും മുമ്പുള്ള പിൻവലിക്കലിനേയും കുറിച്ചുള്ള വിവരങ്ങൾ

1

നിങ്ങളുടെ ജീവിത പങ്കാളിയുമൊത്ത് ഒരു സംയുക്ത അക്കൗണ്ട് (ജോയിന്റ് അക്കൗണ്ട്) ഉണ്ടായിരിക്കുന്നതും അതിന് അവകാശപ്പെടുത്തൽ (നോമിനേഷൻ) രജിസ്റ്റർ ചെയ്യുന്നതും നല്ലതായിരിക്കും. അല്ലെങ്കിൽ 'രണ്ടിൽ ആർക്കും അല്ലെങ്കിൽ ശേഷിക്കുന്നയാൾക്ക് (ഐതർ ഓർ സർവൈവർ)' എന്നോ 'ഒന്നാം കക്ഷിക്ക് അല്ലെങ്കിൽ ശേഷിക്കുന്നയാൾക്ക് (ഫോർമർ ഓർ സർവൈവർ)' എന്നോ പ്രവർത്തന നിർദ്ദേശം ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കും.

2

നിങ്ങളുടെ സ്ഥിര/കാലാവധി നിക്ഷേപം (ഫിക്സഡ്/ടേം ഡെപ്പോസിറ്റ്), കാലാവധി എത്തും മുമ്പ് പിൻവലിക്കാൻ, നിങ്ങൾ നിങ്ങളുടെ ബാങ്കിന് അതിനുള്ള നിർദ്ദേശം നിക്ഷേപ സമയത്ത്, അല്ലെങ്കിൽ നിക്ഷേപ കാലാവധിയ്ക്കുള്ളിൽ ഏതെങ്കിലും സമയത്ത് കൊടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3

കാലാവിധി പൂർത്തിയായിക്കഴിഞ്ഞിട്ടും നിങ്ങൾ നിങ്ങളുട സ്ഥിര നിക്ഷേപ തുക പിൻവലിക്കാതിരുന്നാൽ, നിക്ഷേപം നടത്തിയ സമയത്ത് നിങ്ങൾ ബാങ്കിന് അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽ, ബാങ്കിന് സ്വമേധയാ ആ തുക നിലവിലുള്ള പലിശ നിരക്കിൽ മറ്റൊരു കാലാവധി നിക്ഷേപമാക്കി മാറ്റാവുന്നതാണ്.

## വൃദ്ധർ/രോഗികൾ/അവശരായവർക്കുള്ള ബാങ്ക് പ്രവർത്തനങ്ങൾ

1

നിങ്ങൾ വൃദ്ധൻ/വൃദ്ധ, സുഖമില്ലാത്തയാൾ അല്ലെങ്കിൽ ശാരീരികമായ വെല്ലുവിളി നേരിടുന്നയാൾ ആണെങ്കിൽ, നിങ്ങളുടെ വിരലടയാളം ഉപയോഗിച്ച് പണം പിൻവലിക്കാവുന്നതാണ്. വിരലടയാളം ബാങ്കിന് പരിചിതരായ രണ്ട് സ്വതന്ത്ര സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അതിൽ ഒരാൾ ഉത്തരവാദിത്തപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥനായിരിക്കണം.

2

നിങ്ങൾക്ക് ബാങ്കിൽ നേരിട്ട് എത്തുന്നതിനോ വിരലടയാളം ഇടാൻ പോലുമോ കഴിയില്ലെങ്കിൽ, ചെക്കിൽ/പണം പിൻവലിക്കുന്നതിനുള്ള ഫോറത്തിൽ ഒരു അടയാളം ഇട്ടുകൊടുത്താൽ മതിയാകുന്നതാണ്. അത് രണ്ട് സ്വതന്ത്ര സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അതിൽ ഒരാൾ ഉത്തരവാദിത്തപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥനായിരിക്കണം.

3

മേൽപ്പറഞ്ഞ വിധം ലഭ്യമാകുന്ന ചെക്കിന്റെ/പണം പിൻവലിക്കാനുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും ആരാണ് പണം പിൻവലിക്കുക എന്ന് വ്യക്തമാക്കാൻ ബാങ്ക് നിങ്ങളോട് ആവശ്യപ്പെടും. ഈ വ്യക്തിയേയും രണ്ട് സ്വതന്ത്ര സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ബാങ്കിൽ നിന്നും യാഥാർത്ഥത്തിൽ പണം പിൻവലിക്കുന്ന വ്യക്തിയോട് അയാളുടെ ഒപ്പ് സമർപ്പിക്കാൻ ബാങ്ക് ആവശ്യപ്പെടും.

# സന്ദേശം 5: വിരമിക്കലിന് ശേഷമുള്ള ജീവിതത്തിന് യോജിച്ച നിക്ഷേപ ഉൽപ്പന്നങ്ങൾ

## മുതിർന്ന പൗരന്മാർക്കുള്ള സമ്പാദ്യ പദ്ധതി



മുതിർന്ന പൗരന്മാർക്കുള്ള സമ്പാദ്യ പദ്ധതി 2004 (സീനിയർ സിറ്റിസൺ സേവിംങ്സ് സ്കീം– എസ സി എസ് എസ്) വിരമിച്ച ആളുകൾക്കുള്ള വളരെ നല്ലൊരു സമ്പാദ്യ സാധ്യതയാണ്. എസ് സി എസ് എസ് വളരെ ആകർഷകമായ പ്രതിഫലം നൽകുകയും പലിശ ത്രൈമാസാടിസ്ഥാനത്തിൽ കൊടുക്കുകയും ചെയ്യുന്നു. ഇതിൽ നിന്നും ലഭിക്കുന്ന പലിശ ബാധകമായ നിരക്കിലുള്ള നികുതിക്ക് വിധേയമായിരിക്കും. നിക്ഷേപം ഒരു വ്യക്തിക്ക് പരമാവധി 15 ലക്ഷം എന്ന് പരിമിതപ്പെടുത്തിയിരിക്കുന്നു.

## സ്ഥിര നിക്ഷേപങ്ങൾ



സ്ഥിര നിക്ഷേപങ്ങൾ അഥവാ ഫിക്സഡ് ഡെപ്പോസിറ്റുകൾ 5 ശതമാനം ടാക്സ് ബ്രാക്കറ്റിലായതിനാൽ 5 ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് തെരഞ്ഞെടുക്കാവുന്ന വളരെ നല്ലൊരു നിക്ഷേപ സാധ്യതയാണ്. 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉള്ളവർ സ്ഥിര നിക്ഷേപത്തിൽ നിന്നും കിട്ടുന്ന പലിശയുടെ 20/30 ശതമാനം നികുതി അടയ്ക്കേണ്ടതുണ്ട്.

## റിവേഴ്സ് മോർട്ട്ഗേജ്



വേണ്ടത്ര വിരമിക്കൽ നിധി ഇല്ലാത്ത, എന്നാൽ സ്വന്തം വീട് ഉള്ളവർക്ക് വിരമിക്കലിന് ശേഷം കൂടുതൽ പണം ലഭ്യമാക്കുന്നതിന് റിവേഴ്സ് മോർട്ട്ഗേജ് സഹായകരമാകും.

ഇതിൽ നിന്നുള്ള വരുമാനത്തെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ അത് വിരമിച്ച ആളുകൾക്ക്ക്കുള്ള ഒരു അധിക നേട്ടം പ്രദാനം ചെയ്യുന്നു.

## ആന്വിറ്റി പ്ലാനുകൾ



ഇൻഷുറൻസ് കമ്പനികളാണ് ആന്വിറ്റി പ്ലാനുകൾ ലഭ്യമാക്കുന്നത്. നിക്ഷേപ സമയത്തു തന്നെ പ്രതിഫലത്തിന്റെ നിരക്ക് നിശ്ചയിക്കപ്പെടുന്നതിനാൽ ഇത് വിരമിച്ചവർക്ക് മുൻകൂട്ടി പ്രതീക്ഷിക്കാവുന്ന പണ ലഭ്യത ഉറപ്പാക്കുന്നു. ആന്വിറ്റി വരുമാനം ലഭിക്കുന്നതിന് 5,10,15 വർഷത്തേക്കുള്ള സ്ഥിര വരുമാന സംവിധാനം, നിക്ഷേപകന്റെ മരണശേഷം മൊത്തം തുക തിരികെ ലഭിക്കൽ, ജീവിത പങ്കാളിയുടെ ആയുഷ്കാലം മുഴുവൻ ആന്വിറ്റി വരുമാനം ലഭിക്കൽ മുതലായവ പോലെ വിവിധ സാധ്യതകൾ ഉണ്ട്.

ബാങ്കുകളും പോസ്റ്റോഫീസുകളും ലഭ്യമാക്കുന്നതും സ്ലാബ് നിരക്ക് അനുസരിച്ചുള്ള നികുതി ബാധകമായിരിക്കുന്നതുമായ ആന്വിറ്റി ലഭിക്കുന്ന പ്രതിമാസ വരുമാന പദ്ധതി (എംഐഎസ്) ഇതിന് ഒരു ഉദാഹരണമാണ്.

## ആർ ബി ഐയുടെ സമീപകാല സംരംഭങ്ങൾ: മുതിർന്ന പൗരന്മാർക്കുള്ള ബാങ്കിംഗ് സൗകര്യം

| | |
|---|---|
| മുതിർന്ന പൗരന്മാർക്കും, ഭിന്നശേഷിക്കാർക്കും വേണ്ടി സമർപ്പിതമായ പ്രത്യേക കൗണ്ടറുകൾ/ മുൻഗണന | മുതിർന്ന പൗരന്മാർക്കും കാഴ്ച പരിമിതിയുള്ളവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്കും മുൻഗണന കൊടുക്കുന്ന ഒരു കൗണ്ടർ, അല്ലെങ്കിൽ വ്യക്തമായും തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്താവുന്ന ഒരു പ്രത്യേക കൗണ്ടർ സജ്ജമാക്കാൻ ബാങ്കുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| ലൈഫ് സർട്ടിഫിക്കറ്റ് എളുപ്പത്തിൽ സമർപ്പിക്കാനുള്ള സൗകര്യം | 'ജീവൻ പ്രമാൺ' പദ്ധതിക്ക് കീഴിലെ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സൗകര്യത്തിന് പുറമേ, വിരമിച്ചവർക്ക് അവരുടെ പെൻഷൻ നൽകുന്ന ബാങ്കിന്റെ ഏത് ശാഖയിലും ഫാറത്തിലുള്ള ലൈഫ് സർട്ടിഫിക്കറ്റും സമർപ്പിക്കാവുന്നതാണ്. ഇത് ലഭിക്കുന്ന ബാങ്കുകൾ, പെൻഷൻ വിതരണത്തിൽ ഒരു തരത്തിലുള്ള കാലതാമസവും വരാതിരിക്കുന്നതിനായി ഉടനേതന്നെ ഇത് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് (സി ബി എസ്) ചേർക്കേണ്ടതാണ്. |
| അക്കൗണ്ട് നില സ്വമേധയാ മാറുന്നു | കെവൈസി– വ്യവസ്ഥകൾ അനുസരിച്ചുള്ള അക്കൗണ്ടുകൾ ബാങ്ക് രേഖകളിലുള്ള ജനനത്തീയതിയുടെ അടിസ്ഥാനത്തിൽ സ്വമേധയാ 'മുതിർന്ന പൗരന്മാരുടെ' (സീനിയർ സിറ്റിസൺ) അക്കൗണ്ടായി മാറുന്നതാണ്. |
| ഫാറം 15ജി/എച്ച് എളുപ്പത്തിൽ സമർപ്പിക്കാനുള്ള സൗകര്യം | മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും, ബാധകമായ ഇടങ്ങളിൽ, നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഫോറം 15 ജി/ എച്ച് സമർപ്പിക്കാൻ കഴിയുന്നതിനായി വർഷത്തിൽ ഒരിക്കൽ (കഴിയുമെങ്കിൽ ഏപ്രിൽ മാസത്തിൽ) അവർക്ക് ഫോറം 15ജി/എച്ച് ലഭ്യമാക്കണമെന്ന് ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബാങ്കിംഗ് വാതിൽപ്പടിയിൽ | ഇത്തരം ഇടപാടുകാർക്ക്, രസീതിന്മേൽ പണവും സാമ്പത്തിക ഉപകരണങ്ങളും സ്വീകരിക്കൽ, അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതു പ്രകാരം പണം ലഭ്യമാക്കൽ, ഡിമാന്റ് ഡ്രാഫ്റ്റുകൾ നൽകൽ, കെവൈസി രേഖകളും ലൈഫ് സർട്ടിഫിക്കറ്റും സമർപ്പിക്കൽ മുതലായവ പോലുള്ള അടിസ്ഥാന ബാങ്കിംഗ് സൗകര്യങ്ങൾ വീടുകളിൽ/പരിസരങ്ങളിൽ ലഭ്യമാക്കാൻ പരിശ്രമിക്കണമെന്ന് ബാങ്കുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. |

### ഫോറം 15 ജി, ഫോറം 15 എച്ച്

നിങ്ങളുടെ പ്രായം 60 വയസ്സിന് മുകളിലായിരിക്കുകയും നിങ്ങൾക്ക് ഒരു പെർമനന്റ് അക്കൗണ്ട് നമ്പർ(പാൻ) ഉണ്ടായിരിക്കുകയും, നിങ്ങളുടെ ആ വർഷത്തെ മൊത്ത വരുമാനത്തിന്മേൽ കണക്കാക്കപ്പെടുന്ന നികുതി പൂജ്യമായിരിക്കുകയും ചെയ്യുന്നു എങ്കിൽ നിങ്ങൾക്ക് ഫോറം 15 എച്ച് സമർപ്പിക്കാവുന്നതാണ്. ഇത്തരം ഇടപാടുകാരിൽ നിന്ന് ബാങ്കുകൾ വരുമാന നികുതി നിയമം 1962 പ്രകാരം ടിഡിഎസ് കിഴിവുചെയ്യുന്നതല്ല. ഫോറം 15എച്ച് സമർപ്പിക്കുന്ന സമയത്ത് ബാങ്കിൽ നിന്ന് അതിന് രസീത് വാങ്ങേണ്ടതാണ്. ഫോറം 15 എച്ച് ഇന്ത്യയിൽ സ്ഥിരതാമസക്കാരായ, 60 വയസ്സിന് മേൽ പ്രായമുള്ളവർക്കും, ഫോറം 15ജി 60 വയസ്സിന് താഴെ പ്രായമുള്ളവർക്കും വേണ്ടിയുള്ളതാണ്. ഫോറം 15 ജിയ്ക്ക് അധികമായുള്ള ഒരു മാനദണ്ഡം, ആ വർഷത്തെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്ത പലിശ വരുമാനം ആ വർഷത്തെ നികുതി ബാധകമല്ലാത്ത പരമാവധി വരുമാനത്തിന്റെ പരിധിക്ക് താഴെയായിരിക്കണം എന്നതാണ്.

**നിങ്ങളുടെ നികുതി റിട്ടേണുകൾ എല്ലാ വർഷവും ജൂലൈ 31 ന് മുമ്പ് സമർപ്പിക്കാൻ ഓർക്കുക**

റിട്ടേൺ സമർപ്പിക്കാൻ നിങ്ങൾക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ ആദായ നികുതി വകുപ്പ് നിയമിച്ചിട്ടുള്ള, നികുതി റിട്ടേൺ തയ്യാറാക്കുന്ന അംഗീകൃത വ്യക്തികളെ താഴെ പറയുന്ന വെബ്സൈറ്റിൽ നിന്ന് കണ്ടെത്താവുന്നതാണ്: www.trpscheme.com

**കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക**
**www.incometaxindia.gov.in**

## പ്രത്യേക വിഭാഗത്തെ ലക്ഷ്യംവെച്ചുള്ള സാമ്പത്തിക സാക്ഷരതാ പഠനസാമഗ്രി

ആർ ബി ഐയുടെ എക്സിക്യൂട്ടീവ് ഡയറക്റ്റർ ശ്രീ. ദീപക് മൊഹന്തിയുടെ അദ്ധ്യക്ഷതയിലുള്ള, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും സാമ്പത്തിക ഉൽപ്പന്നങ്ങളുടെ ഗുണഭോക്താക്കളാക്കി മാറ്റുന്ന സമഗ്ര സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഇടക്കാല മാർഗത്തിനായുള്ള സമിതി (കമ്മറ്റി ഓൺ മീഡിയം-ടേം പാത്ത് ഓൺ ഫിനാൻഷ്യൽ ഇൻക്ലൂഷൻ) യുടെ ശുപാർശകളിലൊന്ന് സാമ്പത്തിക വിദ്യാഭ്യാസത്തിനായി ലക്ഷ്യംവെയ്ക്കപ്പെടുന്ന സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്ക് വ്യത്യസ്ത തരത്തിലുള്ള സാമ്പത്തിക വിദ്യാഭ്യാസം വേണ്ടി വരും എന്നതിനാൽ സാമ്പത്തിക വിദ്യാഭ്യാസത്തിനായി 'എല്ലാ സാഹചര്യങ്ങൾക്കും അനുയോജ്യമായ' ഒരു സമീപനമെന്നത് ഏറ്റവും അനുയോജ്യമായത് ആയേക്കില്ല, അതിനാൽ പാഠ്യപദ്ധതിയുടെ ഉള്ളടക്കം ഓരോ വ്യത്യസ്ത വിഭാഗത്തിനും അനുയോജ്യമാകേണ്ടതുണ്ട് എന്നതായിരുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ, വികസന വകുപ്പ്, അഞ്ച് വ്യത്യസ്ത വിഭാഗങ്ങൾക്കായി, അതായത് കർഷകർ, ചെറുകിട സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, സ്വയം സഹായ സംഘങ്ങൾ (എസ് എച്ച് ജി കൾ), മുതിർന്ന പൗരന്മാർ എന്നിവർക്കായി പ്രത്യേകം പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക സാക്ഷരതാ പാഠങ്ങൾ അവതരിപ്പിക്കുകയാണ്. ഇത്തരത്തിൽ അവതരിപ്പിക്കുന്ന അഞ്ച് പുസ്തകങ്ങളുടെ പരമ്പരയിലെ ഒരു പുസ്തകമാണിത്.

### ബാദ്ധ്യതാ നിരാകരണം

ഈ പുസ്തകം വായനക്കാരനെ സാമ്പത്തിക സാക്ഷരനാക്കുക എന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ ഒരു വായനാ, പഠന സാമഗ്രി എന്ന നിലയ്ക്കാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് വായനക്കാരനെ ഏതെങ്കിലും പ്രത്യേക സാമ്പത്തിക ഉൽപ്പന്നം/ഉത്പന്നങ്ങൾ സംബന്ധിച്ചോ സാമ്പത്തിക സേവനം/സേവനങ്ങൾ സംബന്ധിച്ചോ തീരുമാനം എടുക്കുന്നതിൽ സ്വാധീനിക്കാൻ ഉദ്ദേശിച്ചുള്ളതല്ല.

### പകർപ്പവകാശം

ആദ്യ പതിപ്പ് - ഏപ്രിൽ 2018
സ്രോതസ്സ് വെളിപ്പെടുത്തിക്കൊണ്ട് ഇത് പുനഃപ്രസിദ്ധീകരിക്കാവുന്നതാണ്.

### പ്രസാധകർ

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്,
ഭാരതീയ റിസർവ് ബാങ്ക്
10-ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
ശഹീദ് ഭഗത് സിംഗ് മാർഗ്,
ഫോർട്ട്,
മുംബൈ.

### കൃതജ്ഞത

രൂപകല്പന: കൗശിക് രാമചന്ദ്രൻ

**ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**
**ഭാരതീയ റിസർവ് ബാങ്ക്**
10–ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
മുംബൈ 400001, ഇന്ത്യ